## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത — 13-03-2018 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : **3045**

# മാരിടൈം ഡവലപ്മെന്റ് ബോർഡ്

| ചോദ്യം | | മറുപടി |
|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) കേരള സംസ്ഥാന മാരിടൈം ഡവലപ്മെന്റ് ബോർഡിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ;<br><br>(ബി) ബോർഡിനു കീഴിൽ നിലവിൽ എത്ര ജീവനക്കാരുണ്ട് ; ഇവരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ടോ ; | (എ) യും (ബി) യും | സ.ഉ (കൈ) നമ്പർ 1/2018/മതുവ തീയതി 02/2/2018 പ്രകാരം കേരളാ മാരിടൈം ബോർഡ് രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രവർത്തനം തുടങ്ങിയിട്ടില്ല. കേരളാ മാരിടൈം ബോർഡ് ആക്റ്റ് സെക്ഷൻ 17 പ്രകാരം തുറമുഖ ഡയറക്ടറേറ്റിലെയും തുറമുഖ കാര്യാലയങ്ങളിലെയും ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും ബോർഡിന്റെ ഉദ്യോഗസ്ഥരും ജീവനക്കാരുമായി തീരുന്നതും, ബോർഡിലേക്ക് മാറ്റം ചെയ്യപ്പെട്ടില്ലായിരുന്നുവെങ്കിൽ അവർ ഉദ്യോഗം വഹിക്കുമായിരുന്ന അതേ കാലാവധിയിലും അതേ പ്രതിഫലത്തോടും അതേ സേവന വേതന വ്യവസ്ഥകളോടും തുടരാവുന്നതും അവർക്ക് അനുവദിക്കുമായിരുന്ന പെൻഷനും ഗ്രാറ്റുവിറ്റിക്കും മറ്റ് കാര്യങ്ങൾക്കും അതേ അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതും ബോർഡിന്റെ കീഴിലുള്ള ജോലി യഥാവിധി അവസാനിക്കുന്നതു വരെയോ സേവന വേതന വ്യവസ്ഥകൾ യഥാവിധി ബോർഡ് റഗുലേഷൻ മുഖേന മാറ്റം വരുത്തുന്നതുവരെയോ അപ്രകാരം തുടരേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) നിലവിൽ എത്ര തുറമുഖങ്ങളുടെ മേൽനോട്ടം ബോർഡിനുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) | തുറമുഖവകുപ്പിനുകീഴിലുള്ള നോൺ മേജർ തുറമുഖങ്ങളുടേയും അനുബന്ധ സ്ഥാപനങ്ങളുടേയും മേൽനോട്ടം മാരിടൈം ബോർഡിനായിരിക്കു മെന്നാണ് ആക്റ്റിൽ വിവക്ഷിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ